**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5152** **21-07-2022 - ൽ മറുപടിയ്ക്ക്**

**റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വിശദീകരിക്കാമോ; | (എ) | റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും റബ്ബർ കർഷകർക്ക് താങ്ങുവില ഉറപ്പ വരുത്തുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' 2015-ൽ ആരംഭിച്ച പ്രസ്തുത പദ്ധതി ഇപ്പോഴും നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2021 ഏപ്രിൽ 1 മുതൽ പ്രസ്തുത സ്കീം പ്രകാരമുള്ള റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽ നിന്നും 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 14.07.2022 വരെ റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച കുടിശ്ശികയായി ഉണ്ടായിരുന്ന **2.31 കോടി** രൂപയുടെ സബ്സിഡി തുക കർഷകർക്ക് കൈമാറുന്നതിനു വേണ്ടി 19/07/2022 തീയതിയിലെ സ.ഉ. (സാധാ) നം.5172/2022/ധന നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മേൽ സൂചിപ്പിച്ച 2.31 കോടി രൂപ ഉൾപ്പെടെ 23.28 കോടി രൂപ 74,890 കർഷകർക്കായി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | റബ്ബർ വിലസ്ഥിരതാ ഫണ്ട് ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റബ്ബർ കർഷകർക്ക് ഇതുവഴി സഹായങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും റബ്ബർ കർഷകർക്ക് താങ്ങുവില ഉറപ്പ വരുത്തുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' 2015-ൽ ആരംഭിച്ച പ്രസ്തുത പദ്ധതി ഇപ്പോഴും നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2021 ഏപ്രിൽ 1 മുതൽ പ്രസ്തുത സ്കീം പ്രകാരമുള്ള റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽ നിന്നും 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 14.07.2022 വരെ റബ്ബർ ബോർഡ് പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | സർക്കാരിലേയ്ക്ക് സമർപ്പിച്ച കുടിശ്ശികയായി ഉണ്ടായിരുന്ന **2.31 കോടി** രൂപയുടെ സബ്സിഡി തുക കർഷകർക്ക് കൈമാറുന്നതിനു വേണ്ടി 19/07/2022 തീയതിയിലെ സ.ഉ. (സാധാ) നം.5172/2022/ധന നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മേൽ സൂചിപ്പിച്ച 2.31 കോടി രൂപ ഉൾപ്പെടെ 23.28 കോടി രൂപ 74,890 കർഷകർക്കായി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ